MATHRUBHUMI 26-01-2017



എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നടന്ന ആൽബേർഷ്യൻ ഇന്റർനാഷണൽ എഡ്യുക്കേഷണൽ എക്സ്പോയിൽ കവിതകൾ കൊണ്ടുണ്ടാക്കിയ രൂപം

# പുതിയ കാലത്തേക്ക് വാതിൽ തുറന്ന് ആൽബേർഷ്യൻ എക്സ്പോ...

**കൊച്ചി:** കലയും ശാസ്ത്രവും ചരിത്രവും ലോജിസ്റ്റിക്സുമൊക്കെ ഇടകലർന്ന ലോകം. വ്യത്യസ്തമായ വീക്ഷണങ്ങളും സമീപനങ്ങളും കൊണ്ട് സമ്പന്നമാണ് ആൽബർട്സ് കോളേജിൽ ആരംഭിച്ച എഡ്യുക്കേഷൻ എക്സ്പോ. സ്കൂൾ വിദ്യാർഥികൾ മുതൽ ഗവേഷകർ വരെ തങ്ങളുടെ കണ്ടുപിടിത്തങ്ങളും കാഴ്ചപ്പാടുകളും ഇവിടെ പങ്ക് വയ്ക്കുന്നു.

എഡ്യുക്കേഷൻ എക്സ്പോ സതീഷ് ധവാൻ സ്പേസ് റിസേർച്ച് സെന്റർ ഡയറക്ടർ ഡോ.വി.എസ്.ഹെഗ്ഡേ ഉദ്ഘാടനം ചെയ്തു. വരാപ്പുഴ ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ അധ്യക്ഷനായി. കെ.വി.തോമസ് എം.പി., ഹൈബി ഈഡൻ എം.എൽ.എ, വി.എസ്.എസ്.സി.സ്പേസ് റിസേർച്ച് ലാബ് ഡയറക്ടർ അനിൽ ഭരദ്വാജ്, സിഫ്റ്റ് ഡയറക്ടർ ഡോ.രവിശങ്കർ, കോളേജ് മാനേജർ ഫാ.ആന്റണി അറയ്ക്കൽ, പ്രിൻസിപ്പൽ ഡോ.എം.എൽ.ജോസഫ് എന്നിവർ സംസാരിച്ചു.28 വരെ പ്രദർശനം കാണാം.